"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

www.keralaprisons.gov.in

<u>ഇണ്ടാസ് നം: KPCS/7423/2025-E1 ; തീയതി: 29-12-2025</u>

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പിന്റെ 29.09.2025 തീയതിയിലെ സ.ഉ(കൈ) നം 142/2025/GAD നമ്പർ ഉത്തരവ് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
Preetha V S
Preetha V S
PA TO DIG P&CS
Date: 29-12-2025 15:24:14

സ്വീകർത്താവ്: ശ്രീ.അജയൻ.വി
എൽ.ഡി.ടൈപ്പിസ്റ്റ്
ജയിലാസ്ഥാനകാര്യാലയം

പകർപ്പ്: വെബ് സൈറ്റ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണ വകുപ്പ്- കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റം (CCIS) -നവീകരിച്ച പതിപ്പും ലിങ്ക് നോഡൽ ഓഫീസർ സംവിധാനവും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.142/2025/GAD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-

1. പൊതുഭരണ വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത 11.08.2025-ലെ യോഗത്തിന്റെ മിനിറ്റ്സ്
2. 02-09-2024 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം. 111/2024/പൊ.ഭ.വ

**ഉത്തരവ്**

കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റം (CCIS) ന്റെ നവീകരിച്ച പതിപ്പ് നടപ്പിലാക്കുന്നതുമായി ബന്ധപെട്ടു 2025 ഓഗസ്റ്റ് 11-ന് പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നിലവിലെ സി.സി.ഐ.എസ്. സംവിധാനത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇ-ഓഫീസുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ പതിപ്പ് തയ്യാറാക്കുന്നതിനും വേണ്ടി ഒരു യോഗം ചേരുകയുണ്ടായി.

2. CCIS ഉപയോഗം മെച്ചപ്പെടുത്തുക, രേഖകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. എൻ.ഐ.സി, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഐ.ടി. മിഷൻ, സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ നോഡൽ ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

3. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും നവീകരിച്ച കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരിഷ്കരിച്ച കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ട്രയൽ റൺ ഒക്ടോബർ 2025 ൽ പൂർത്തിയാക്കുന്നതിനും സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും നവംബർ 2025 മുതൽ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനും ഉത്തരവാകുന്നു. ഇതിന്റെ പൂർണ്ണ ചുമതല എൻ.ഐ.സി, സ്റ്റേറ്റ് നോഡൽ ഓഫീസർ, നോഡൽ ഓഫീസർമാർ, ഇ-അഡ്മിനിസ്ട്രേഷൻ വകുപ്പ് എന്നിവർക്കായിരിക്കും.

4. അതോടൊപ്പം, നിലവിൽ നോഡൽ ഓഫീസർമാർക്ക് അവരുടെ ദൈനംദിന ചുമതലകൾ കാരണം അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും CCIS പോർട്ടൽ മുഖാന്തിരം സ്വീകരിക്കുന്ന കേസുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയേറ്റിലെ നിയമം,ധനകാര്യം ഉൾപ്പെടെ

എല്ലാ വകുപ്പുകളിലും ലിങ്ക് നോഡൽ ഓഫീസർ സംവിധാനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനായി, ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ഓഫീസ് സൂപ്രണ്ടുമാരെ ലിങ്ക് നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തുന്നു. ലിങ്ക് നോഡൽ ഓഫീസർമാർക്ക് അവരുടെ വകുപ്പിനുള്ളിലെ കേസുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുവാനുള്ള ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. കേസുകൾ സമയബന്ധിതമായി വിതരണം ചെയ്യപ്പെടുന്നുവെന്ന് നോഡൽ ഓഫീസർ ഉറപ്പാക്കേണ്ടതാണ്. ഇതിനായി നോഡൽ ഓഫീസറും ലിങ്ക് നോഡൽ ഓഫീസറും തമ്മിലുള്ള ഏകോപനം ഉറപ്പാക്കണം.

5. സെക്രട്ടേറിയേറ്റിന് പുറത്തുള്ള എല്ലാ വകുപ്പുകളിലും CCIS നടപ്പിലാക്കുന്നതിന് ഡയറക്ടർ, ഐ.ടി മിഷൻ-നെ ചുമതലപ്പെടുത്തി സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, സെക്രട്ടേറിയറ്റിന് പുറത്തുള്ള ഓഫീസുകളിലെ നോഡൽ ഓഫീസർമാരുടെ മാറ്റങ്ങളോ പുതിയ കൂട്ടിച്ചേർക്കലുകളോ നടത്താനുള്ള ചുമതല ഐ.ടി. മിഷനിലെ ലിങ്ക് സ്റ്റേറ്റ് നോഡൽ ഓഫീസർക്കായിരിക്കും(ഡയറക്ടർ/ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ). സെക്രട്ടേറിയറ്റിന് പുറത്തുള്ള മറ്റ് വകുപ്പുകളിലെ നോഡൽ ഓഫീസർമാർക്ക്, ആവശ്യാനുസരണം, അവരുടെ വകുപ്പുകളിലെ മറ്റ് ഉപയോക്താക്കളെ CCIS-ൽ ചേർക്കാനും തിരുത്തൽ വരുത്തുവാനുമുള്ള അധികാരം നൽകുന്നതാണ്.ഇതിനാവശ്യമായ ക്രമീകരണങ്ങൾ എൻ.ഐ.സി ഉറപ്പുവരുത്തേണ്ടതാണ്.

6. സെക്രട്ടേറിയറ്റിലും സിസിഐഎസ് നടപ്പിലാക്കുന്ന മറ്റ് വകുപ്പുകളിലും കേസുകൾ കൈമാറ്റം ചെയ്യുന്നത് വ്യക്തികളുടെ പേരിന് പകരം ഇ-ഓഫീസ് സീറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം. സിസിഐഎസ് ഉപയോഗിക്കുന്നവരിൽ ഇ-ഓഫീസ് സീറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ മാറ്റം വരുത്തേണ്ട ആവശ്യകത ഉണ്ടാകുന്ന സാഹചര്യത്തിൽ, സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ ഇലക്ട്രോണിക്സ്&ഐ.ടി വകുപ്പുമായും മറ്റു വകുപ്പുകളിലെ നോഡൽ ഓഫീസർമാർ ഐ.ടി.മിഷനുമായും ബന്ധപ്പെട്ട് പോർട്ടലിൽ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
ADDITIONAL SECRETARY & JOINT CHIEF PROTOCOL OFFICER

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1) കേരളം, തിരുവനന്തപുരം

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് &ഐ.ടി വകുപ്പ് (ഇ-ഓഫീസ് മുഖേന)

സ്റ്റേറ്റ് ഇൻഫർമാറ്റിസ് ഓഫീസർ, NICകേരള, തിരുവനന്തപുരം

ഡയറക്ടർ, ഐ.ടി. മിഷൻ (ഇ-ഓഫീസ് മുഖേന)

എല്ലാ വകുപ്പ് തലവൻമാർക്കും

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (ഇ-ഓഫീസ് മുഖേന)

അഡീഷണൽ സെക്രട്ടറിമാർ/ജോയിൻ്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെയും സിസിഐഎസ് നോഡൽ ഓഫീസർമാർക്കും, ഓഫീസ് സൂപ്രണ്ടുമാർക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ഇ-ഓഫീസ് മുഖേന)

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർ (ഇ-ഓഫീസ് മുഖേന)

Signed by Sreejith S J
Date: 29-09-2025 13:05:39